# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5525 6.7.2012-ൽ മറുപടിയ്ക്ക്

## റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) റാന്നി–പഴവങ്ങാടി–വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ പ്രവർത്തികളാണ് ബാക്കിയുള്ളത് ; ഇത് പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; | (എ) റാന്നി-പഴവങ്ങാടി പദ്ധതിയുടെ ഇൻടേക്ക് പമ്പ് ഹൗസുകളിലും ശുദ്ധീകരണശാലയിലും വൈദ്യുതി കണക്ഷൻ ലഭിക്കുവാനുണ്ട്. 5 ബൂസ്റ്റർ പമ്പ് ഹൗസുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുവാനുണ്ട്. ഈ പമ്പ്ഹൗസുകളിലേക്ക് നിലവിലുള്ള പൈപ്പ് ലൈനുകൾ ബന്ധിപ്പിക്കുന്ന പ്രവൃത്തികളും ചെയ്ത് തീർക്കുവാനുണ്ട്.<br>1-ാംഘട്ട പദ്ധതികൾക്ക് 11 കോടി രൂപയുടെ ഭരണാനുമതിയാണ് നല്കിയിരുന്നത്. എന്നാൽ പദ്ധതിയുടെ വിവിധ ഘടകങ്ങൾ ടെൻഡർ ചെയ്ത് നടപ്പിലാക്കിയപ്പോൾ, ടെൻഡർ എക്സസ്, റേറ്റ് റിവിഷൻ എന്നിവ മൂലം ഭരണാനുമതി ലഭിച്ച തുക പദ്ധതി പൂർത്തിയാക്കുവാൻ മതിയാകാതെവന്നു. ആയതിനാൽ ഇനിയും ചെയ്തു തീർക്കുവാനുള്ള ഘടകങ്ങൾ ടെൻഡർ ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നല്കിയത് 1686.83 ലക്ഷം രൂപയ്ക്കാണ്. ബാക്കിയുള്ള ഘടകങ്ങൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുവാൻ ദർഘാസ് അനുമതി നല്കിയ ശേഷം ഏകദേശം 9 മാസം വേണമെന്നാണ് കണക്കാക്കുന്നത്. |
| (ബി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി എത്രകോടി രൂപയുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; എന്നാണ് ഭരണാനുമതി നൽകിയത് ; ഇതിന്റെ ടെൻഡർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | റാന്നി-പഴവങ്ങാടി വടശ്ശേരിക്കര കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 14.5899 കോടി രൂപയ്ക്കാണ് 2010 SLSSC യിൽ അംഗീകാരം ലഭിച്ചത്. 14.12.2011ലാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. രണ്ടാം ഘട്ടമായ വിതരണ ശൃംഘല 7 സോണുകളായി തിരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതിൽ 5 സോണുകളുടെ ടെൻഡർ വിളിച്ചിട്ടുണ്ട്. ഇതിൽ ആദ്യ 3 സോണുകളുടെ ടെൻഡർ 16.7.2012നും ബാക്കിയുള്ളവ 23.7.2012നും തുറക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (സി) | പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിക്ക് എത്രകോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ; ഇതിന്റെ ആദ്യ ഘട്ട നിർമ്മാണത്തിനായി എന്തൊക്കെ നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | പെരുനാട്-അത്തിക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകി. 26.5.2012ലാണ് അനുമതി നൽകിയത്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾ പ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജലശുദ്ധീകരണ ശാല (SMLD)<br>2. നിലവിലുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ<br>3. പമ്പിംഗ് മെയിനുകൾ<br>4. പമ്പ് സെറ്റുകൾ സ്ഥാപിക്കൽ<br>5. ജലസംഭരണികളുടെ നിർമ്മാണം.<br>6. ട്രാൻസ് ഫോർമർ സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ എന്നിവ.<br>പദ്ധതിയുടെ സാങ്കേതിക അനുമതി ലഭിച്ചത് 7.6.2012ലാണ് |

ഒന്നാം ഘട്ടത്തിൽ ജലശുദ്ധീകരണശാല , ജലസംഭരണികൾ എന്നിവയുടെ നിർമ്മാണവും പമ്പിംഗ് മെയിനുകൾ സ്ഥാപിക്കുന്ന പ്രവർത്തികളുമാണ് ആദ്യം നടപ്പിലാക്കേണ്ടത്. എന്നാൽ ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നല്കിയിട്ടില്ല. DER –ൽ സൂചിപ്പിച്ചിട്ടുളള സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ ഇവയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ സാധിക്കുകയുളളൂ. പമ്പിംഗ് മെയിനുകളുടെ നീളം ജലശുദ്ധീകരണ ശാലയുടെ സ്ഥാനത്തിനനുസരിച്ചായിരിക്കും. പ്രസ്തുത സ്ഥലങ്ങൾ ഏറ്റെടുത്ത് നല്കുന്ന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു. റാന്നി എം.എൽ.എ ശ്രീ. രാജു എബ്രഹാം അവർകളുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമായി പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ 28.4.2012-ൽ യോഗം കൂടിയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുത്ത് നല്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ തീരുമാനം യോഗത്തിൽ ഉണ്ടായില്ല. സ്ഥലം കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയതിനുശേഷമേ ടെണ്ടർ നടപടികളിലേക്ക് കടക്കുവാൻ സാധിക്കൂ. എസ്റ്റിമേറ്റ് ജോലികൾ നടന്നുവരുന്നു. സ്ഥലം ലഭ്യമായാൽ 2 മാസത്തിനുളളിൽ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കും.

| | | | |
|---|---|---|---|
| (ഡി) | റാന്നി നിയോജകമണ്ഡലത്തിലെ ഏഴുമറ്റൂർ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയും ; വിശദാംശങ്ങൾ നൽകാമോ ; | (ഡി) | റാന്നി നിയോജക മണ്ഡലത്തിലെ എഴുമറ്റൂർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 591 ലക്ഷം രൂപയ്ക്ക് 2011 SLSSC-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>പഞ്ചായത്തിൽ നിന്നും ശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം ലഭ്യമാക്കിക്കൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ഇ) | റാന്നി നിയോജക മണ്ഡലത്തിൽ എസ്.എൽ.ഇ.സി. യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ ഓരോന്നിന്റെയും പേരും എസ്റ്റിമേറ്റ് തുകയും വ്യക്തമാക്കുമോ ; | (ഇ) | റാന്നി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികളുടെ പ്രൊപ്പോസൽ 1.6.12ൽ കൂടിയ SLSSC-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.<br>(i) അയിരൂർ - കഞ്ഞീറ്റുകര കുടിവെള്ള പദ്ധതി — 2565 ലക്ഷം രൂപ<br>(ii) എഴുമറ്റൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി —ഫേസ്2 - 1408 ലക്ഷം രൂപ<br>(iii) പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതി—ഫേസ്2—1583.50 ലക്ഷം രൂപ |
| (എഫ്) | പെരുനാട്-അത്തികയം, എഴുമറ്റൂർ പദ്ധതികളുടെ രണ്ടാംഘട്ടത്തിന് ഡിറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് അനുസരിച്ച് എത്ര തുകയുടെ എസ്റ്റിമേറ്റ് വീതമാണ് വേണ്ടിവരിക; ഏറ്റവുമൊടുവിൽ ചേർന്ന എസ്.എൽ.ഇ.സി.യിൽ റാന്നി നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ | (എഫ്) | പെരുനാട്-അത്തികയം, പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 1583.50 ലക്ഷം രൂപയുടെയും എഴുമറ്റൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 1408 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്.<br>റാന്നി നിയോജക മണ്ഡലത്തിൽ പാർട്ട് (ഇ) യിൽ പരാമർശിച്ച 3 പദ്ധതികളും 2012-ൽ നടന്ന എസ്.എൽ.എസ്.എസ്.സി |

ഏതൊക്കെ; എടുത്ത തീരുമാനം വ്യക്തമാക്കുമോ ?

യിൽഉൾ പ്പെടുത്തിയിരുന്നു. ഫണ്ടിന്റെ അഭാവം മൂലം എഴുമറ്റൂർ പദ്ധതി, പെരുനാട്-അത്തിക്കയം പദ്ധതി എന്നിവയ്ക്ക് അനുമതി ലഭിച്ചില്ല. ഇവ നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ നടപടി എടുത്തുവരുന്നു.

അയിരൂർ- കഞ്ഞീറ്റുകര പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ